മഴവില്ല്

Monthly Newsletter of Kerala State Co-operative Bank

കേരള ബാങ്ക് ബുള്ളറ്റിൻ

Volume 03 Issue 02

2023 February

വ്യവസായ സൗഹൃദ കേരളത്തിന് കേരള ബാങ്ക് വായ്പകൾ

മഴവില്ല്
Monthly Newsletter of Kerala State Co-operative Bank

ചീഫ് എഡിറ്റർ
ഗോപി കോട്ടമുറിക്കൽ
പ്രസിഡന്റ്

മാനേജിംഗ് എഡിറ്റർ
റോയ് എബ്രഹാം
ചീഫ് ജനറൽ മാനേജർ

പത്രാധിപ സമിതി
T. K. റോയി (ജനറൽ മാനേജർ)
Dr. R. ശിവകുമാർ (ജനറൽ മാനേജർ)
PR & മാർക്കറ്റിംഗ് വിഭാഗം

ഉള്ളടക്കം

കവർ സ്റ്റോറി 5

വനിതകൾക്ക് കേരളബാങ്കിൽ 10-ൽ അധികം വായ്പകൾ 12

സംഘങ്ങളുടെയും കേരള ബാങ്കിന്റെയും വർദ്ധിപ്പിച്ച പലിശ നിരക്ക് 15

ബജറ്റിൽ സഹകരണത്തിന് 141 കോടി 16

പത്മശ്രീ ചെറുവയൽ രാമന് കേരള ബാങ്കിന്റെ സ്നേഹാദരം 18

കടുവയുടെ ആക്രമണത്തിൽ മരണപ്പെട്ട തോമസിന്റെ കുടുംബത്തിന് കേരള ബാങ്കിന്റെ കൈത്താങ്ങ് 22

എഡിറ്റോറിയൽ

വ്യവസായ സൗഹൃദ കേരളത്തിന് കേരള ബാങ്ക് വായ്പകൾ

കേരളത്തെ മികച്ച വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച ഒരു ലക്ഷം സംരംഭ പദ്ധതിയോടൊപ്പം നിന്ന് പ്രവർത്തിക്കുകയാണ് കേരള ബാങ്ക്.

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, അപെക്സ് ലെവൽ സഹകരണ സ്ഥാപനങ്ങൾ, പൊതുജനങ്ങൾ തുടങ്ങീ ബാങ്കിന്റെ പ്രധാന ഉപഭോക്താക്കൾക്ക് വേണ്ടി 50ലധികം വായ്പകളാണ് ആവിഷ്കരിച്ച് വിതരണം ചെയ്തുവരുന്നത്.

സ്വന്തം നാട്ടിൽ സംരംഭം ആരംഭിക്കാൻ താല്പര്യമുള്ള അഭ്യസ്തവിദ്യരായ അനേകം യുവതി യുവാക്കളും പ്രവാസികളും കേരളത്തിലുണ്ട്. നമ്മുടെ നാട് വ്യവസായ സൗഹൃദമായാൽ മാത്രമേ നമ്മുടെ വിലപ്പെട്ട മാനവശേഷിയും സമ്പത്തും നാടിന്റെ വളർച്ചയ്ക്ക് പ്രയോജനപ്പെടുത്താനാവൂ.

കാർഷിക - കാർഷിക അനുബന്ധ മേഖലയുടെ വളർച്ച ലക്ഷ്യമാക്കി നൽകുന്ന പ്രധാന വായ്പകളാണ് കിസാൻമിത്ര കെ.സി.സി., കിസാൻമിത്ര Gold KCC, കിസാൻമിത്ര VFPCK, ദീർഘകാല കാർഷിക വായ്പ, നെൽകർഷകർക്കായുള്ള Paddy Receipt Sheet (PRS), ക്ഷീരകർഷകർക്ക് സംരംഭം ആരംഭിക്കുന്നതിനുള്ള ക്ഷീരമിത്ര MT, നിലവിലുള്ള ക്ഷീരകർഷകർക്ക് നൽകുന്ന ക്ഷീരമിത്ര KCC തുടങ്ങിയവ. കേന്ദ്ര-സംസ്ഥാന സർക്കാർ അനുവദിക്കുന്ന പലിശ ഇളവുകൾ കാർഷിക വായ്പകൾക്ക് ലഭിക്കുന്നു.

കാർഷിക മേഖലയ്ക്കെന്ന പോലെ പ്രാധാന്യമാണ് സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും നൽകുന്നത്. അസംഘടിതരായ തൊഴിലാളികൾക്ക് സംരംഭങ്ങൾ ആരംഭിക്കാൻ അനുവദിക്കുന്ന സുവിധ, ഈടുരഹിത വായ്പയായ സുവിധ പ്ലസ്, വ്യക്തികൾക്ക് 40 ലക്ഷം രൂപയും, കമ്പനികൾക്ക് ഒരു കോടി രൂപയും നൽകുന്ന മിത്ര വായ്പ, യുവ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്ന യുവമിത്ര, GST മിത്ര, KB സ്മാർട്ട്, പ്രവാസി ക്ഷേമത്തിനായുള്ള പ്രവാസി കിരൺ, പ്രവാസി ഭദ്രത, ഭക്ഷ്യ സംസ്കരണ മേഖലയിലെ

സംരംഭകർക്കായുള്ള ഭക്ഷ്യ സംസ്കരണ സൂക്ഷ്മ വ്യവസായ വായ്പ, കേരള ത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടും സ്ഥിരം ജോലി ലഭിക്കാത്ത പൗരന്മാർക്കായുള്ള നവജീവൻ വായ്പ തുടങ്ങി വിവിധ MSME വായ്പകൾ കേരള ബാങ്കിലുണ്ട്. വനിതാ സംരംഭങ്ങൾക്ക് മാത്രമായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ വഴി അന്നപൂർണ്ണ വായ്പ, ബിസിനസ് വനിത വായ്പ, വനിത മുദ്ര വായ്പ, വനിതാ വികസന വായ്പ, ഉദ്യോഗിനി വായ്പ, വനിതാ ശക്തി കേന്ദ്ര തുടങ്ങീ 10 ൽ അധികം വായ്പകളാണ് അനുവദിക്കുന്നത്.

നബാർഡ് ധനസഹായത്തോടെ അനുവദിക്കുന്ന PACS as MSC യും കേരള ബാങ്ക് ആവിഷ്കരിച്ച സമഗ്ര പദ്ധതിയും സഹകരണ സംഘങ്ങളുടെ അടി സ്ഥാന സൗകര്യ വികസനവും പുരോഗതിയും ലക്ഷ്യമാക്കിയുള്ളതാണ്. KB സമഗ്ര വായ്പ ഇതര സംഘങ്ങൾക്കും അനുവദിക്കുന്നുണ്ട്. Agricultural Infrastructure Fund ന്റെ 3% പലിശയിളവും അർഹതയുള്ള മേഖലയ്ക്ക് ലഭിക്കും.

സംഘങ്ങൾക്ക് മെമ്പർതല വിതരണത്തിനായി കുറഞ്ഞ പലിശനിരക്കിൽ കെ.സി.സി. വായ്പകൾ, ജനറൽ ക്യാഷ് ക്രെഡിറ്റ്, ഗോൾഡ് ക്യാഷ് ക്രെഡി റ്റ്, വർക്കിംഗ് ക്യാപിറ്റൽ ക്യാഷ് ക്രെഡിറ്റ്, MSME വായ്പകൾ, ദീർഘകാല കാർഷിക വായ്പകൾ, FPO വായ്പകൾ, ഭക്ഷ്യ സംസ്കരണ സൂക്ഷ്മ വ്യവസായ സംരംഭ വായ്പകൾ തുടങ്ങീ അനേകം വായ്പാ പദ്ധതികളും നൽകി വരുന്നു. കോവിഡ് കാലത്ത് വരുമാനം ഇല്ലാതായ തെരുവ് കച്ചവടക്കാരുടെ പുനരു ദ്ധാരണത്തിനും പ്രത്യേക വായ്പകൾ കേരള ബാങ്ക് അനുവദിക്കുന്നു.

കുടുംബശ്രീയിലെയും അയൽക്കൂട്ടങ്ങളിലെയും സ്വയം സഹായ സംഘങ്ങളി ലെയും അംഗങ്ങളുടെ സാമ്പത്തിക ആവശ്യങ്ങൾക്ക് മൈക്രോ ഫിനാൻസ് വായ്പ, ഫിഷറീസ് ഡിപ്പാർട്ട്മെന്റുമായി സഹകരിച്ച് മത്സ്യതൊഴിലാളി കൾക്ക് അനുവദിക്കുന്ന SAF വായ്പ, വിവിധതരം സ്വർണ്ണപ്പണയ വായ്പകൾ ഇങ്ങനെ വ്യവസായ കേരളത്തെ വളർത്തുന്നതിന് വ്യത്യസ്തതരം വായ്പക ളാൽ സജ്ജമാണ് കേരള ബാങ്ക്.

പ്രതിവർഷം ശരാശരി 10,000 പുതിയ സംരംഭങ്ങളാണ് കേരളത്തിൽ രജി സ്റ്റർ ചെയ്തിരുന്നത്. എന്നാൽ, സംസ്ഥാന സർക്കാരിന്റെ സംരംഭ ക്യാമ്പ യിൻ ആരംഭിച്ചതോടെ അഗ്രോ-ഫുഡ് പ്രോസസിംഗ് മേഖലയിൽ മാത്രം 21609 സംരംഭങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

വൻകിട സംരംഭങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിലും നിലവിൽ ആരംഭിച്ച ചെറിയ സംരംഭങ്ങളെ തകരാതെ സംരക്ഷിക്കുന്നതിലും പരമാവധി പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിലും സംസ്ഥാന സർക്കാരിനോടൊപ്പം നിന്ന് നമുക്കും പ്രവർത്തിക്കാം.

ഗോപി കോട്ടമുറിക്കൽ
പ്രസിഡന്റ്, കേരളബാങ്ക്

ശ്രീ. പി. രാജീവ്
ബഹു: വ്യവസായ - നിയമ വകുപ്പ് മന്ത്രി

2022-23 സംരംഭക വർഷം
1 വർഷം ലക്ഷം സംരംഭങ്ങൾ

ദീർഘവീക്ഷണം ഫലം കാണുന്നു

കേരളത്തിലെ നിക്ഷേപ സൗഹൃദാന്തരീക്ഷം ബലപ്പെടുത്തുന്നതിനായി സുപ്രധാന നിയമങ്ങൾ നിർമ്മിക്കുന്നതിനും ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനുമായിരുന്നു ഒരു ലക്ഷം സംരംഭ പദ്ധതിയുടെ ഭാഗമായി സർക്കാരിന്റെ ആദ്യ ഊന്നൽ നൽകിയത്. 50 കോടി രൂപ വരെയുള്ള എല്ലാ നിക്ഷേപങ്ങൾക്കും കെ-സ്വിഫ്റ്റ് അക്നോളജ്മെന്റിലൂടെ മൂന്ന് വർഷത്തേക്ക് പ്രവർത്തനം സാധ്യമാക്കി മാറ്റം കൊണ്ടുവരാൻ സാധിച്ചു. 50 കോടിയിലധികം മൂലധന നിക്ഷേപമുള്ള വ്യവസായങ്ങൾക്ക് ഏഴ് ദിവസത്തിനകം കോംപോസിറ്റ് ലൈസൻസ് നൽകാനുള്ള നിയമം പാസാക്കിയതിന് ശേഷം കേരളത്തിന് ലഭിച്ച നിക്ഷേപവാഗ്ദാനം 7000 കോടി രൂപയിലധികമാണ്. വ്യവസായ സ്ഥാപനങ്ങൾക്ക് നേരെ ഉണ്ടാകുന്ന അനാവശ്യനടപടികൾ ഒഴിവാക്കുന്നതിനും അഴിമതി തടയുന്നതിനുമായി ഏകീകൃത പരിശോധനാസംവിധാനം ആവിഷ്കരിച്ചു. വ്യവസായ സൗഹൃദ റാങ്ക് പട്ടികയിൽ 28-ാം സ്ഥാനത്ത് ആയിരുന്ന കേരളം ഒരു വർഷം കൊണ്ട് 15-ാം സ്ഥാനത്ത് എത്തി. രാജ്യത്തെ ഏറ്റവും ആരോഗ്യകരമായ, നിക്ഷേപാന്തരീക്ഷം സൃഷ്ടിക്കാനുള്ള യത്നത്തിൽ കേരളം വിജയിച്ചു എന്ന് നിസംശയം പറയാം.

നിലവിൽ ആരംഭിച്ച സംരംഭങ്ങളിൽ വികസനസാധ്യതയുള്ള ആയിരം സംരംഭങ്ങളെ തിരഞ്ഞെടുത്ത് നൂറ് കോടി വാർഷിക വിറ്റുവരവുള്ള സ്ഥാപനങ്ങളായി ഉയർത്തുകയാണ് അടുത്ത ലക്ഷ്യം. സംരംഭങ്ങളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി എംഎസ്എംഇ ക്ലിനിക്കുകൾ രൂപീകരിച്ചിട്ടുണ്ട്. സംരംഭങ്ങളുടെ ആരോഗ്യം നിലനിർത്താനുള്ള എല്ലാ സേവനങ്ങളും ക്ലിനിക്കുകളിൽ നിന്ന് ലഭ്യമാക്കും.

കോവിഡ് വ്യാപനം സമൂഹത്തിൽ സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി മറികടക്കാനും, യുവതി യുവാക്കൾക്കും പ്രവാസികൾക്കും പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭ മേഖലയെ പരമാവധി ഉപയുക്തമാക്കാവുന്നതാണ്.

എന്താണ് MSME

2006 ലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭ വികസന നിയമം അനുസരിച്ചാണ് (MSME) സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭക വായ്പകൾ അനുവദിക്കുന്നത്. MSME കൾ രണ്ടു വിഭാഗമുണ്ട്. ഉല്പാദന മേഖലയും സേവന മേഖലയും.

MSME സവിശേഷതകൾ

1. ആഭ്യന്തര, കയറ്റുമതി വിപണികൾക്ക് മെച്ചപ്പെട്ട അവസരം ഒരുക്കുന്നു.
2. ഉല്പന്ന നവീകരണം, പാക്കേജിംഗ്, ബിസിനസ്സ് വർദ്ധിപ്പിക്കുന്നതിനുള്ള ഇടപെടൽ ഇവ സാധ്യമാകുന്നു.
3. സാങ്കേതിക വിദ്യയുടെ നവീകരണം, അടിസ്ഥാന സൗകര്യ വികസനം
4. MSME കൾ ജനസംഖ്യയ്ക്ക് ആനുപാതികമായി തൊഴിലവസരങ്ങൾ കണ്ടെത്താൻ സഹായിക്കുന്നു.

MSME പ്രാധാന്യം

ഇന്ത്യയുടെ സമ്പദ് വ്യവസ്ഥയിൽ GDP യുടെ ഏകദേശം 27% സംഭാവന

MSME നിർവ്വചനം		
Micro (സൂക്ഷ്മ)	Small (ചെറുകിട)	Medium (ഇടത്തരം)
1 കോടി രൂപ നിക്ഷേപവും 5 കോടി രൂപ വിറ്റുവരവുമുള്ള നിർമ്മാണ സേവന യൂണിറ്റുകൾ	10 കോടി രൂപ നിക്ഷേപവും, 100 കോടി രൂപ വിറ്റുവരവുമുള്ള നിർമ്മാണ സേവന രംഗത്തെ യൂണിറ്റുകൾ	50 കോടി രൂപ നിക്ഷേപവും 250 കോടി വിറ്റുവരവുമുള്ള യൂണിറ്റുകൾ

നൽകുന്നത് സൂക്ഷ്മ ചെറുകിട, ഇട ത്തരം സംരംഭ മേഖലയാണ്. നിർമ്മാണ, ഉല്പാദന മേഖലയുടെ 45% വും കയറ്റുമതിയുടെ ഏകദേശം 40% വും MSME യുടെ സംഭാവനയാണ്. നമ്മുടെ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലായി സൂക്ഷ്മ ചെറുകിട സംരംഭങ്ങളെ വിശേഷിപ്പിക്കുന്നതിൽ ഒട്ടും അതിശയോക്തി ഇല്ല. ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുക മാത്രമല്ല രാജ്യത്തെ സാധാരണക്കാരായ ജനങ്ങളുടെ സാമൂഹിക സാമ്പത്തിക ഉന്നമനവും ഗ്രാമീണ പിന്നാക്ക മേഖലയുടെ പുനരുദ്ധാരണം ഉറപ്പാക്കുകയും ചെയ്യുന്നു.

4.7 കോടി ജനങ്ങൾക്കാണ് MSME വായ്പകളിലൂടെ രാജ്യത്ത് തൊഴിലവസരങ്ങൾ ലഭിക്കുന്നത്.

കയറ്റുമതിയിൽ പ്രോത്സാഹനം – വിറ്റുവരവ് കണക്കാക്കുന്നതിൽ നിന്ന് കയറ്റുമതി ഒഴിവാക്കാനുള്ള തീരുമാനം ആനുകൂല്യങ്ങൾ നഷ്ടപ്പെടുമെന്ന് ഭയക്കാതെ കൂടുതൽ കയറ്റുമതി ചെയ്യാൻ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. ഇത് രാജ്യത്തെ കയറ്റുമതിയിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാക്കുമെന്നാണ് പ്രതീക്ഷ.

കേരളത്തിലെ MSME പ്രവർത്തനങ്ങളും സംരംഭകത്വ വികസനവും.

മികച്ച സാങ്കേതിക സംവിധാനങ്ങൾ, കണക്ടിവിറ്റി സൗകര്യം, വാർത്താവിനിമയ ശൃംഖല, മെച്ചപ്പെട്ട മനുഷ്യവിഭവ സമ്പത്ത്, മെച്ചപ്പെട്ട വ്യവസായ അടിസ്ഥാന സൗകര്യം എന്നിങ്ങനെ വ്യവസായ സംരംഭ വളർച്ചയ്ക്ക് അനുകൂലമായ സാഹചര്യമാണ് കേരളത്തിൽ നിലനിൽക്കുന്നത്.

ഗ്രാമ പ്രദേശങ്ങളുടെ വ്യവസായ വൽക്കരണത്തിന് MSME കൾ പ്രധാന പങ്ക് വഹിക്കുന്നുണ്ട്. യുവാക്കൾ, പട്ടികജാതി പട്ടിക വർഗ്ഗം, വനിതകൾ, അംഗപരിമിതർ എന്നിവരെയാണ് MSME മേഖല പ്രധാനമായും ഉദ്ധരിക്കുന്നത്. സാധാരണക്കാരും അസംഘടിതരമായ തൊഴിലാളികളുടെ സാമൂഹ്യ സാമ്പത്തിക പുരോഗതിയിൽ MSME കൾക്ക് വലിയ പങ്ക് വഹിക്കാനാവും.

MSME ഉൾപ്പെട്ട ഉല്പാദന മേഖലകൾ

കരകൗശലം, കൈത്തറി, ഭക്ഷ്യ സംസ്കരണ വ്യവസായം, വസ്ത്ര നിർമ്മാണവും ഉണി വ്യവസായവും, മറ്റ് വ്യവസായങ്ങളായ കയർ, തടി, മുള, പ്ലാസ്റ്റിക്, റബ്ബർ, ലതർ, കളിമൺ വ്യവസായം, ഇലക്ട്രിക്/ഇലക്ട്രോണിക്സ് രാജ്യത്തിന്റെ സംരംഭകത്വ വികസനം സ്ഥായിയായ ഉപഭോഗ ഉൽപ്പാദന സമ്പ്രദായങ്ങളെ മെച്ചപ്പെടുത്താനും പുതിയവ നിർമ്മിക്കാനും മെച്ചപ്പെട്ട സംരംഭകത്വ സംസ്കാരം വളർത്താനും സഹായിക്കുന്നു.

നവീന സംരംഭങ്ങളെ പരിപോഷിപ്പിക്കുകയും മേന്മയേറിയ ഉല്പന്നങ്ങൾ സേവനങ്ങൾ എന്നിവ നൽകാൻ സംരംഭകരെ പ്രാപ്തമാക്കുകയും ചെയ്യുന്ന സംരംഭക വിദ്യാഭ്യാസം ഈ മേഖലയുടെ വളർച്ചയ്ക്ക് അത്യാവശ്യമാണ്.

MSME യുടെ സേവന മേഖലകളായ വ്യാപാരം, ഗതാഗതം, വിനോദസഞ്ചാരം, സാങ്കേതിക വിദ്യ, കമ്മ്യൂണിക്കേഷൻ സഹായ സേവനങ്ങളും എഞ്ചിനീയറിംഗ് തുടങ്ങിയവ കേരളത്തിൽ മെച്ചപ്പെട്ട തൊഴിലവസരം ഒരുക്കുന്നതിന് വലിയ സാധ്യത ഉള്ള മേഖലകളാണ്. കേരളത്തിൽ തൃശ്ശൂരിലെ എം.എസ്.എം.ഇ വികസന ഇൻസ്റ്റിറ്റ്യൂട്ട് MSME വികസന പരിശീലന പരിപാടികൾ നടത്തിവരുന്നു.

MSME Registration
ആധാർ നമ്പർ ഉള്ള ഇന്ത്യൻ പൗരന് MSME Registration നടത്താം

MSME പോർട്ടൽ
www.champions.gov.in

ആസ്പയർ
A scheme for promotion of innovation, Rural,industries & entrepreneurship (ASPIRE)
ഗ്രാമീണ സംരംഭകരെയും യൂണിറ്റുകളെയും പ്രോത്സാഹിപ്പിക്കുന്നതിനുള്ള കേന്ദ്ര സർക്കാർ പദ്ധതി

കേരളബാങ്കും MSME വായ്പകളും

ഉല്പാദന സേവന മേഖലകൾക്ക് പ്രയോജനം ലഭിക്കുന്നതിനുള്ള 10 MSME വായ്പകളാണ് കേരള ബാങ്ക് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്.

KB സുവിധ (MSME)

സാധാരണക്കാരായ തൊഴിലാളികൾ, ചെറുകിട വ്യാപാരികൾ, കരാർ സേവനദാതാക്കൾ, കാർഷിക, എം.എസ്.എം.ഇ., ടൂറിസം മേഖലയിലെ സംരംഭകർ, ഹോട്ടൽ റസ്റ്റോറന്റ് ഉടമകൾ, ഭൂവികസനത്തിനുള്ള ഉപകരണങ്ങളുടെ ഓപ്പറേറ്റർമാർ / ഉടമകൾ, കാർഷിക / കെട്ടിട കരാറുകാർ, തുടങ്ങി നേരിട്ടോ അല്ലാതെയോ ഉല്പാദന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വരുമാനം നേടുന്നവരും കൂടാതെ ശരിയായ തിരിച്ചടവ് ശേഷി ഉണ്ടെങ്കിലും ഇൻകം ടാക്സ് റിട്ടേൺ / ഫോം 16 / സാലറി സ്ലിപ് ഇവ ഹാജരാക്കാൻ കഴിയാത്തവർക്കുമാണ് കേരള ബാങ്കിന്റെ സുവിധ (MSME)വായ്പ അനുവദിക്കുന്നത്. വായ്പാ പരിധി പരമാവധി 20 ലക്ഷം രൂപ വരെ

KB സുവിധ പ്ലസ് (MSME)

കോവിഡ്-19 പ്രതിസന്ധിയിൽ സാധാരണക്കാരന്റെയും കർഷകന്റെയും വരുമാനം ഉയർത്തുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ച വായ്പ. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് ഇരുചക്ര വാഹനങ്ങൾ ഉൾപ്പെടെയുള്ള ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നതിനും ബസ്സ് ഉടമകൾക്കും സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച 50 കോടിയുടെ പ്രത്യേക പലിശ ഇളവുകൾ ഉപയുക്തമാക്കിക്കൊണ്ടാണ് വായ്പ നൽകുന്നത്. ഉല്പാദന, സേവന, വിപണന മേഖലയിലെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭകർക്കും ബസ്സ് ഉടമകൾക്കും സുവിധ പ്ലസ് വായ്പയുടെ പ്രയോജനം ലഭിക്കുന്നു.

വായ്പാ പരിധി : പരമാവധി 5 ലക്ഷം രൂപ (ബസ്സ് ഉടമകൾക്കും, ചെറുകിട കച്ചവടക്കാർക്കും 2 ലക്ഷം രൂപ വരെ)

KB GST മിത്ര (MSME)

ഉല്പാദന, സേവന, വിപണന മേഖലയിൽ ബിസിനസ് ആരംഭിക്കുന്നതിനും, നിലവിലുള്ള ബിസിനസ് മെച്ചപ്പെടുത്തുന്നതിനും അനുവദിക്കുന്ന വായ്പ. ജി.എസ്.ടി. റിട്ടേൺ സ്ഥിതി വിവര കണക്കിന്റെ അടിസ്ഥാനത്തിൽ പ്രവർത്തന മൂലധനം കണ്ടെത്തുന്നതിനാണ് വായ്പ അനുവദിക്കുന്നത്. വ്യക്തികൾക്കും കമ്പനികൾക്കും വായ്പ ലഭിക്കും.

വായ്പാ പരിധി : വ്യക്തികൾ / പാർട്ട്ണർഷിപ്പ്

പരമാവധി 40 ലക്ഷം രൂപ വരെ

കമ്പനികൾക്ക്

പരമാവധി 1 കോടി വരെ

വ്യവസായ സൗഹൃദ കേരളത്തിന്റെ വളർച്ചയിൽ ഏറ്റവും അധികം സംഭാവന നൽകാൻ കഴിയുന്നത് MSME വായ്പകൾക്കാണ്.

സാധാരണക്കാരായ തൊഴിലാളികൾ ചെറുകിട കച്ചവടക്കാർ, വ്യാപാരികൾ, പ്രവാസികൾ നേരിട്ടോ അല്ലാതെയോ ഉല്പാദന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു വരുമാനം നേടുന്നവർ തുടങ്ങി എല്ലാ വിഭാഗം ആളുകൾക്കും MSME വായ്പയുടെ പ്രയോജനം ലഭിക്കും. കേരള ബാങ്ക് വഴി അനുവദിക്കുന്ന 10ലധികം MSME വായ്പകൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരിന്റെയും നബാർഡിന്റെയും വിവിധ ആനുകൂല്യങ്ങൾക്ക പുറമെ കാർഷിക മേഖലയുമായി ബന്ധപ്പെട്ട പ്രാഥമിക മൂല്യ വർദ്ധിത സംരംഭ വായ്പകൾക്ക് കേന്ദ്ര സർക്കാരിന്റെ അഗ്രിക്കൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ടിൽ (AIF) നിന്ന് 3% പലിശ ഇളവും ലഭിക്കും.

കാർഷിക ഉല്പാദനം, വിളവെടുപ്പിനുശേഷമുള്ള അടിസ്ഥാന സൗകര്യ വികസനം, വിഭവസമാഹരണം എന്നീ മേഖലയിലുള്ള സംരംഭങ്ങൾക്ക് വ്യക്തികൾക്കും സംഘങ്ങൾക്കും AIF പലിശ ഇളവ് ലഭിക്കും.

പി.എസ്.രാജൻ
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

(വ്യക്തികൾ/പാർട്ട്ണർഷിപ്പ്/കമ്പനികൾക്ക് കുറഞ്ഞ വായ്പാ പരിധി 10 ലക്ഷം രൂപ)

KB മിത്ര (MSME)

സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭകർക്കുള്ള വായ്പാ പദ്ധതി. ചെറുകിട കച്ചവടക്കാർ, വ്യാപാരികൾ, വ്യവസായികൾ എന്നിവർക്ക് അനുവദിക്കുന്ന വായ്പ. യുവാക്കൾക്കും പുതിയ സംരംഭകർക്കും സ്വയം തൊഴിലിലൂടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കാൻ ഈ പദ്ധതി സഹായിക്കും. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും, നിലവിലുള്ളവ നവീകരിക്കുന്നതിനും KB മിത്ര വായ്പ ലഭിക്കുന്നതാണ്. വർക്കിംഗ് ക്യാപിറ്റലായും, ടേം ലോണായും ഈ വായ്പ അനുവദിക്കുന്നതാണ്.

വായ്പാ പരിധി : വ്യക്തികൾക്ക് - 40 ലക്ഷം വരെ

കമ്പനികൾക്ക് - 1 കോടി വരെ

KB യുവമിത്ര (MSME)

കേരള ബാങ്കിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് 35 വയസ്സിൽ താഴെയുള്ള സംരംഭകർക്കായി നടപ്പിലാക്കിയ പദ്ധതിയാണ് കേരള ബാങ്ക് യുവമിത്ര. യുവ സംരംഭകരുടെ തൊഴിലവസരവും, വരുമാനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ പദ്ധതി. വായ്പാ പരിധി വ്യക്തികൾക്ക് 40 ലക്ഷം രൂപ വരെ.

കമ്പനികൾക്ക് -1 കോടി രൂപ വരെ

KB സ്റ്റാർട്ട്

സംസ്ഥാന സർക്കാരിന്റെ ഒരു ലക്ഷം സംരംഭക പദ്ധതി 2022-23 ന്റെ ഭാഗമായി കേരള ബാങ്ക് ആവിഷ്കരിച്ച വായ്പയാണ് KB സ്റ്റാർട്ട്.

വായ്പാ പരിധി : സേവന / വ്യാപാര / ഉല്പാദന മേഖലയ്ക്ക് പദ്ധതി ചെലവിന്റെ 90%.

സേവന / വ്യാപാര മേഖലയിൽ പദ്ധതി ചെലവ് 10 ലക്ഷത്തിൽ അധികരിക്കാൻ പാടില്ല.

ഉല്പാദന മേഖലയിൽ പരമാവധി പദ്ധതി ചെലവ് 25 ലക്ഷത്തിൽ അധികരിക്കാൻ പാടില്ല.

KB പ്രവാസി കിരൺ

തൊഴിൽ നഷ്ടപ്പെട്ട പ്രവാസികൾക്ക് മൂലധനം / പലിശ സബ്സിഡി ഉൾപ്പെടെ പുതിയ സംരംഭങ്ങൾക്ക് അനുവദിക്കുന്ന വായ്പയാണ് പ്രവാസി കിരൺ. നോർക്കറൂട്ട്സുമായി സഹകരിച്ചാണ് പ്രവാസി കിരൺ നടപ്പിലാക്കുന്നത്. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കും, കാർഷിക, കാർഷികാനുബന്ധ മേഖലക്കും ഈ വായ്പ ലഭിക്കുന്നതാണ്.

വായ്പാ പരിധി : 24 ലക്ഷം രൂപ വരെ മൊത്ത വ്യാപാരം

16 ലക്ഷം രൂപ ചില്ലറ വ്യാപാരം

KB പ്രവാസി ഭദ്രത

തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തിയ പ്രവാസികൾക്ക് നോർക്ക റൂട്ട്സിന്റെ സഹായത്തോടെ സ്വയംതൊഴിൽ സംരംഭങ്ങൾക്കായി അനുവദിക്കുന്ന വായ്പ പദ്ധതി. പുതിയ സംരംഭത്തിനും നിലവിലുള്ളവയുടെ നവീകരണത്തിനും വായ്പ ലഭിക്കുന്നു.

വായ്പാ പരിധി : പരമാവധി 5 ലക്ഷം രൂപ

KB ഭക്ഷ്യസംസ്കരണ സൂക്ഷ്മ വ്യവസായ സംരംഭ മേഖല

ഇന്ത്യയിലെ അസംഘടിത ഭക്ഷ്യ സംസ്കരണ മേഖലയിൽ 25 ലക്ഷത്തോളം സൂക്ഷ്മ വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. രാജ്യത്തെ തൊഴിലവസരങ്ങളിൽ 74 ശതമാനവും സൃഷ്ടിക്കുന്നത് ഈ സ്ഥാപനങ്ങളാണ്.

ഭക്ഷ്യസംസ്കരണ സൂക്ഷ്മ വ്യവസായ മേഖല അഭിമുഖീകരിക്കുന്ന ഒട്ടേറെ പ്രശ്നങ്ങൾ പരിഗണിച്ച് കേരള ബാങ്കിന്റെ ശാഖകൾ വഴി ഈ മേഖലക്ക് ധനസഹായം നൽകുന്നതിനായി നടപ്പിലാക്കുന്ന വായ്പാ പദ്ധതി.

വായ്പാ പരിധി :മൂലധന നിക്ഷേപം, പ്രവർത്തന മൂലധന നിക്ഷേപം എന്നിവ ഉൾപ്പെടെ 1 ലക്ഷം മുതൽ 40 ലക്ഷം വരെ യൂണിറ്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ തുക.

KB നവജീവൻ

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടും സ്ഥിരം തൊഴിൽ ലഭിക്കാത്ത പൗരന്മാർക്ക് അനുവദിക്കുന്ന സ്വയം തൊഴിൽ പുനരധിവാസ സഹായ പദ്ധതിയാണ് നവജീവൻ. നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

വായ്പാ പരിധി - പരമാവധി 50000/ രൂപ.

സംരംഭങ്ങൾക്ക് കൈത്താങ്ങ്

സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കായി 2021-22 സാമ്പത്തിക വർഷം 1470.92 കോടി രൂപയാണ് വിതരണം ചെയ്തത്. കാർഷിക അനുബന്ധ സംരംഭങ്ങൾ കൂടി ചേർത്താൽ 5199.54 കോടിയാണ് അനുവദിച്ചത്. 158732 സംരംഭങ്ങൾക്കാണ് ഇതിന്റെ ഗുണം ലഭിച്ചത്.

100 ദിന തൊഴിൽ ദാന പദ്ധതി

കോവിഡ് പ്രതിസന്ധിയിൽ സാധാരണക്കാരനും കർഷകർക്കും തൊഴിലും വരുമാനവും ഉറപ്പാക്കാനായി 2020 സെപ്റ്റംബറിൽ കേരള സർക്കാർ ആവിഷ്കരിച്ച നൂറുദിന തൊഴിൽദാന പദ്ധതിക്ക് 2021 സെപ്റ്റംബറിൽ ഒരു വർഷം പൂർത്തിയായപ്പോൾ 3 ഘട്ടങ്ങളിലായി 32088 തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനായി 842.54 കോടി രൂപയാണ് കേരള ബാങ്ക് വഴി അനുവദിച്ചത്. കേരള സർക്കാർ നിർദ്ദേശിച്ചതിനേക്കാൾ 12,942 തൊഴിൽ അവസരങ്ങളാണ് ഒരു വർഷം കൊണ്ട് കേരള ബാങ്ക് അധികമായി നൽകിയത്.

പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾക്ക് കേരള ബാങ്ക് നൽകുന്ന വായ്പകൾ

പ്രധാനമായും 2 തരം വായ്പകളാണ് പൊതുവിൽ സംഘങ്ങൾക്ക് നൽകുന്നത്.

മെമ്പർമാരുടെ വിവിധ ആവശ്യങ്ങൾക്ക് അംഗതല വായ്പാ വിതരണം നടത്തുന്നതിനും

സംഘങ്ങളുടെ തനത് ആവശ്യങ്ങൾക്കും

സ്പെഷ്യൽ റീഫിനാൻസ് പദ്ധതി (PACS as MSC)

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ ബഹുമുഖ സേവന കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് നബാർഡ് ധനസഹായത്തോടെ നടപ്പാക്കുന്ന വായ്പാ പദ്ധതി

പ്രാഥമിക മൂല്യ വർദ്ധിത സംരംഭങ്ങൾക്ക്. കാർഷിക മേഖലയുമായി ബന്ധപ്പെട്ട 2 കോടി വരെയുള്ള വായ്പയ്ക്ക് 3% പലിശയിളവ്.

കിസാൻ ക്രെഡിറ്റ് കാർഡ് (KCC)

കാർഷിക/കാർഷിക അനുബന്ധ ആവശ്യങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ നബാർഡ് മുഖേന അനുവദിക്കുന്ന വായ്പ. സ്വർണ്ണ പണയത്തിൻമേൽ കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതിയുടെ പരിധിയിൽ വരുന്നു. വായ്പാ പരിധി NODC യുടെ 100% വരെ

3 ലക്ഷം വരെ സ്കെയിൽ ഓഫ് ഫിനാൻസിന്റെ അടിസ്ഥാനത്തിൽ സംഘങ്ങൾ കർഷകർക്ക് വായ്പ അനുവദിക്കുന്നു. കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് 3% പലിശയിളവിന് അർഹത

KB സമഗ്ര

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കിനൽകുന്ന വായ്പ. വായ്പാ പരിധി പദ്ധതി തുകയുടെ 90%

KB സമഗ്ര (ഇതര സംഘങ്ങൾ)

ഇതര സംഘങ്ങളുടെ സമഗ്ര വികസനത്തിന് നൽകുന്ന വായ്പ. വായ്പാ പരിധി പദ്ധതി തുകയുടെ 90%

ജനറൽ ബാങ്കിംഗ് ക്യാഷ് ക്രെഡിറ്റ്

വായ്പാ പരിധി മെമ്പർ ലെവൽ നോൺ ഓവർ ഡ്യൂ പരിഗണിച്ച് 90% വരെ

ഗോൾഡ് ക്യാഷ് ക്രെഡിറ്റ്

സംഘങ്ങൾക്ക് അംഗതലത്തിൽ സ്വർണ്ണ പണയ വായ്പ വിതരണം ചെയ്യുന്നതിന്

വർക്കിംഗ് ക്യാപിറ്റൽ ക്യാഷ് ക്രെഡിറ്റ്

ബാങ്കിംഗ് ഇതര ബിസിനസ് പ്രവർത്തനങ്ങൾക്ക് സ്റ്റോക്കിന്റെ 80% വരെ

മുറ്റത്തെ മുല്ല

സംഘങ്ങൾ അംഗതലത്തിൽ മുറ്റത്തെ മുല്ലപദ്ധതിയിൽ ഉൾപ്പെടുത്തി വിതരണം ചെയ്യുന്ന തുകയുടെ 90% വരെ ബാങ്ക് പുനർവായ്പ നൽകുന്നു.

സൂക്ഷ്മ ചെറുകിട ഇടത്തരം വായ്പകൾ (MSME)

സംഘങ്ങളിലെ അംഗങ്ങൾക്ക് സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ തുടങ്ങുന്നതിന്

വായ്പാ പരിധി - വിതരണം ചെയ്ത വായ്പയുടെ 90% വരെ

ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷൻ (FPO)

കർഷക ഗ്രൂപ്പുകൾ വഴി കൂട്ടായ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് അനുവദിക്കുന്ന പുനർവായ്പ LT, agri, KB MSME, വർക്കിംഗ് ക്യാപ്പിറ്റൽ ക്യാഷ് ക്രെഡിറ്റ് വായ്പകൾക്ക് ബാധകം

ഭക്ഷ്യ സംസ്കരണ സൂക്ഷ്മ വ്യവസായ സംരംഭ വായ്പ

ഭക്ഷ്യ സംസ്കരണ സൂക്ഷ്മ വ്യവസായസംരംഭവുമായി ബന്ധപ്പെട്ട് സംഘങ്ങളുടെ സ്വന്തം പ്രവർത്തനങ്ങൾക്കും മെമ്പർ ലെവൽ

കേരളത്തിലെ ഗ്രാമങ്ങളിൽ കാർഷിക, കാർഷിക അനുബന്ധ സംരംഭങ്ങളും, സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളും വൻതോതിൽ ഉയർന്നു വരുന്നുണ്ട്. അതിൽ ഏറ്റവും മികച്ച പങ്ക് വഹിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ ബഹുമുഖ സേവന കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും, അവരുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും PACS AS MSC സമഗ്ര പോലെയുള്ള പ്രത്യേക വായ്പാപദ്ധതികളാണ് കേരളാ ബാങ്ക് അനുവദിക്കുന്നത്. കൂടാതെ കാർഷിക, കാർഷിക അനുബന്ധ മേഖലയുടെ വളർച്ചക്കായി പലിശ ഇളവോടെ അനുവദിക്കുന്ന കിസാൻ മിത്ര (KCC) വായ്പയും. ദീർഘകാല കാർഷികവായ്പകളും കേരള ബാങ്ക് ശാഖകൾ വഴിയും പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലൂടെയും പരമാവധി കർഷകരിലേക്ക് എത്തിക്കുന്നു.

കെ.സി.സഹദേവൻ
ചീഫ് ജനറൽ മാനേജർ

പ്രവർത്തനങ്ങൾക്കും അനുവദിക്കുന്ന പുനർവായ്പ

വായ്പാ തുക 25 ലക്ഷം വരെ

ദീർഘകാല കാർഷിക വായ്പ (LT agri)

കാർഷിക മേഖലയിലെ ആസ്തി സ്വരൂപിക്കുന്നതിന് നൽകുന്ന വായ്പ്പ.

KB മഹിളാ ശക്തി

വനിതാ സഹകരണ സംഘങ്ങൾ അവരുടെ അംഗസംഘങ്ങൾക്ക് അനിവാദിക്കുന്ന വായിപ്പുകൾ.

കാർഷിക മേഖലയുടെ പുരോഗതി

പ്രാഥമിക കാർഷിക വായ്പാസഹകരണ സംഘങ്ങളിൽ അംഗങ്ങളായ കർഷകർക്ക് 3% പലിശ നിരക്കിൽ 3 ലക്ഷം രൂപ വരെ വായ്പ നൽകുന്നു. കേരള ബാങ്ക് രൂപീകരണശേഷം 3 വർഷം കൊണ്ട് പുനർ വായ്പയിൽ 6140 കോടിയുടെ വർദ്ധനവാണുണ്ടായത്. 31-03-2019 ൽ നബാർഡിൽ നിന്നുള്ള ബോറോയിംഗ് 2842 കോടി ആയിരുന്നത് 31-03-2022ൽ 8982 കോടിയായി ഉയർന്നു. പ്രാഥമിക സഹകരണ സംഘങ്ങളിലൂടെ കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ കാർഷിക വായ്പ അനുവദിക്കാനാണ് ഈ തുക വിനിയോഗിച്ചത്. PACS AS MSC പ്രകാരം ഇതുവരെ 85 സംഘങ്ങൾക്കായി 4% പലിശനിരക്കിൽ 206 കോടി രൂപ ഇതുവരെ അനുവദിച്ചു. ഇതിൽ 150 കോടി രൂപ AIF ന്റെ 3% പലിശ ഇളവിന് അർഹതപ്പെട്ടതാണ്.

KB കാർഷിക വായ്പകൾ

KB കിസാൻ മിത്ര മൂന്ന് ലക്ഷത്തിനു മുകളിൽ (KCC)

കാർഷിക / കാർഷികാനുബന്ധ ആവശ്യങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ അനുവദിക്കുന്ന വായ്പ. കർഷകർക്ക് വസ്തു ജാമ്യത്തിലാണ് ഈ വായ്പ നൽകുന്നത്

വായ്പാ പരിധി : 60 ലക്ഷം രൂപവരെ

KB കിസാൻ മിത്ര ഗോൾഡ് KCC (3 ലക്ഷം)

വായ്പാ ലഭ്യതയിലെ കാലതാമസം ഒഴിവാക്കി കർഷകരുടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ കാർഷിക / കാർഷിക അനുബന്ധ ആവശ്യങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ അനുവദിക്കുന്ന വായ്പ. സ്വർണപ്പണയത്തിന്മേൽ കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതിയുടെ പരിധിയിൽ വരുന്ന കർഷകർക്ക് അനുവദിക്കുന്നു.

വായ്പാ പരിധി : പരമാവധി 3 ലക്ഷം (സ്കെയിൽ ഓഫ് ഫിനാൻസിന്റെ അടിസ്ഥാനത്തിൽ)

കിസാൻ മിത്ര VFPCK

വെജിറ്റബിൾ & ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ ഓഫ് കേരളയുടെ കീഴിലുള്ള SHG ഗ്രൂപ്പിലെ കർഷകർക്ക് 3 ലക്ഷം വരെ വായ്പ (വസ്തു ജാമ്യം)

ക്ഷീരമിത്ര KCC

നിലവിലുള്ള ക്ഷീര കർഷകർക്ക് 2 ലക്ഷം രൂപ വായ്പ. അനുവദിക്കുന്നു.

KB ദീർഘകാല കാർഷിക വായ്പാ (നബാർഡ് പുനർ വായ്പ)

കാർഷിക/കാർഷിക അനുബന്ധ മേഖലയിലെ ഇടത്തരം / ദീർഘകാല വായ്പാ ആവശ്യങ്ങൾക്ക് നൽകുന്ന ധനസഹായ പദ്ധതിയാണിത്. കൃഷി ഹോർട്ടി കൾച്ചർ / തോട്ടവിളകൾ / മേഖലയിലെ കർഷകരുടെ വരുമാനം ഇരട്ടിപ്പിക്കാൻ പര്യാപ്തമായ വിവിധ മൂല്യവർദ്ധിത പദ്ധതികൾക്ക് നബാർഡ് ധനസഹായത്തോടെ അനുവദിക്കുന്ന വായ്പയാണ് കേരള ബാങ്ക് ദീർഘകാല കാർഷിക വായ്പ.

വായ്പാ പരിധി : വ്യക്തികൾക്ക് പരമാവധി 60 ലക്ഷം രൂപ

ക്ഷീരമിത്ര MT

ക്ഷീരകർഷകരുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി അനുവദിക്കുന്ന വായ്പ.

വായ്പ പരിധി - 2 ലക്ഷം

വനിതകൾക്ക് കേരളബാങ്കിൽ 10-ൽ അധികം വായ്പകൾ

സ്ത്രീകളുടെ തൊഴിലവസരവും വരുമാനവും വർദ്ധിപ്പിക്കുന്നതിനും കുടുംബത്തിന്റെ സാമ്പത്തിക ഭദ്രത വനിതകളിലൂടെ ഉറപ്പാക്കുന്നതിനുമായി കേരള ബാങ്കിന്റെ MSME, KCC വായ്പകൾ ഉൾപ്പെടെയുള്ള 45 ൽ അധികം വായ്പകൾ കൂടാതെ 10-ൽ അധികം വായ്പകളാണ് കേരള ബാങ്ക് വനിതകൾക്ക് മാത്രമായി അനുവദിക്കുന്നത്. സ്വയംതൊഴിൽ കണ്ടെത്താനും, സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി മഹിളാ ശക്തി സ്വയം തൊഴിൽ സഹായ വായ്പാ പദ്ധതിയിൽ 6 പ്രധാന വായ്പകളാണ് ഉൾപ്പെട്ടിരിക്കുന്നത്. വനിതാ സഹകരണ സംഘങ്ങളിൽ അംഗങ്ങളായ സ്ത്രീകൾക്ക് ഒറ്റയ്ക്കോ ഗ്രൂപ്പായോ സംരംഭങ്ങൾ തുടങ്ങാൻ വനിതാ സ്വയം സഹായ സംഘങ്ങൾ വഴി ഈ വായ്പ ലഭിക്കും. ഫുഡ് കാറ്ററിംഗ് ബിസിനസ്സ് തുടങ്ങാൻ 1 ലക്ഷം രൂപ വരെ അനുവദിക്കുന്ന അന്നപൂർണ്ണ വായ്പ, ബിസിനസ്സ് ആവശ്യങ്ങൾക്ക് 5 ലക്ഷം വരെ നൽകുന്ന ബിസിനസ്സ് വനിതാവായ്പ, ബ്യൂട്ടിപാർലർ, തയ്യൽ തുടങ്ങി ചെറുകിട സംരംഭകർക്ക് 2 ലക്ഷം വരെ നൽകുന്ന വനിതാ മുദ്രാ വായ്പ, സർക്കാർ സംരംഭങ്ങളുടെ ഭാഗമായുള്ള സംരംഭങ്ങൾത്ത് പദ്ധതിയുടെ 50% വരെ വായ്പ അനുവദിക്കുന്ന വനിതാ വികസന വായ്പ 45,000/- രൂപയിൽ താഴെ വാർഷിക വരുമാനമുള്ള സ്ത്രീകൾക്ക് 1 ലക്ഷം രൂപ ലഭിക്കുന്ന ഉദ്യോഗിനി വായ്പ, ഗ്രാമീണ വനിതൾക്ക് ലഭിക്കുന്ന 50,000/- രൂപയുടെ വനിതാശക്തി കേന്ദ്ര പദ്ധതി തുടങ്ങിയവയാണ് പ്രധാനപ്പെട്ട മഹിളാശക്തി വായ്പകൾ.

സ്വയം സഹായ സംഘങ്ങളിലെ വനിതാ അംഗങ്ങൾക്ക് സംരംഭങ്ങൾ തുടങ്ങാൻ 20 ലക്ഷം രൂപ വരെ ലഭിക്കുന്ന സഹജ മൈക്രോ ഫിനാൻസ് വായ്പ സംഘങ്ങൾ വഴിയും കേരള ബാങ്കിന്റെ 823 ശാഖകൾ വഴിയും ലഭിക്കുന്നതാണ്.

കേരള സർക്കാരിന്റെ ഫിഷറീസ് വകുപ്പുമായി സഹകരിച്ച് സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വുമൺ (SAF) ന്റെ കീഴിലുള്ള സ്വയം സഹായ സംഘങ്ങൾക്ക് 2 ലക്ഷം രൂപ വരെ മത്സ്യബന്ധനമേഖലയിലെ അനുബന്ധ ആവശ്യങ്ങൾക്ക് മൈക്രോഫിനാൻസ് വായ്പ അനുവദിക്കുന്നു.

അത്യാവശ്യ സാമ്പത്തിക ഘട്ടങ്ങളിൽ ഗ്രാമീണ സ്ത്രീകളെ കൊള്ളപ്പലിശക്കാരിൽ നിന്ന് രക്ഷിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച ഗ്രാമീണ ലഘു വായ്പാപദ്ധതിയാണ് മുറ്റത്തെ മുല്ല 1000/- രൂപ മുതൽ 25,000/- രൂപ വരെ കുടുംബശ്രീ മുഖേനയാണ് മുറ്റത്തെ മുല്ല വായ്പ അനുവദിക്കുന്നത്. കുടുംബശ്രീയിൽ അംഗമായിട്ടുള്ള SHG ഗ്രൂപ്പിലെ അംഗങ്ങളുടെ മക്കൾക്ക് പഠനാവശ്യത്തിന് ലാപ്പ് ടോപ്പ്, കമ്പ്യൂട്ടർ, ടാബ് ഇവ വാങ്ങുന്നതിന് പരമാവധി 50,000/- രൂപ വരെ അനുവദിക്കാവുന്നതാണ്.

കുടുംബശ്രീ അയൽക്കൂട്ടം ആക്റ്റിവിറ്റി ഗ്രൂപ്പുകളിലെ അംഗങ്ങളുടെ ഭക്ഷ്യ സംസ്കരണ സൂക്ഷ്മ വ്യവസായ സംരംഭങ്ങൾക്ക് കേരള ബാങ്കിന്റെ ശാഖകൾ വഴി 40 ലക്ഷം രൂപ വരെയും സംഘങ്ങൾ വഴി 25 ലക്ഷം രൂപയും ലഭിക്കുന്നതാണ്. ഈ വായ്പയ്ക്ക് 35% മൂലധന നിക്ഷേപ സബ്സിഡിക്ക് (പരമാവധി 10 ലക്ഷം രൂപ) അർഹതയുണ്ട്. വനിതാ സഹകരണ സംഘങ്ങൾ നേരിട്ട് നടത്തുന്ന സംരംഭങ്ങൾക്ക് വർക്കിംഗ് ക്യാപിറ്റൽ ക്യാഷ് ക്രെഡിറ്റ് സ്വർണ്ണപണയ ക്യാഷ് ക്രെഡിറ്റ് എന്നിവയും കേരള ബാങ്ക് നൽകുന്നു.

35, 000 പുതിയ വനിതാ സംരംഭകർ

ഒരു ലക്ഷം സംരംഭക പദ്ധതി ആരംഭിച്ച് ചുരുങ്ങിയ കാലയളവിൽ 35,000-ൽ അധികം സ്ത്രീകൾ സംരംഭക ലോകത്തേയ്ക്ക് പ്രവേശിച്ചു കഴിഞ്ഞു. ഫുഡ് പ്രോസസിങ്ങ്, ബയോടെക്നോളജി, ഐ.ടി. ഇലക്ട്രോണിക്സ്, വ്യാപാരമേഖല, ഹാൻഡ് ലൂം, ഹാൻഡി ക്രാഫ്റ്റ് തുടങ്ങിയ മേഖലകളിലാണ് സംരംഭങ്ങൾ. സംരംഭക വർഷം പദ്ധതിയിൽ പല മേഖലകളിലും 30 ശതമാനത്തിലധികം രജിസ്റ്റർ ചെയ്തത് സ്ത്രീകളാണ്.

തൃശ്ശൂർ ജില്ലയിൽ നാലായിരത്തിലധികം വനിതാ സംരംഭകരുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം ജില്ലകളിൽ മൂവായിരത്തിലധികവും വ്യവസായരംഗത്ത് പിന്നാക്കം നിൽക്കുന്ന കാസർഗോഡ്, വയനാട്, ഇടുക്കി ജില്ലകളിലും ആയിരത്തിലധികം പേർ സംരംഭം തുടങ്ങി.

വ്യവസായവകുപ്പിനെയും പദ്ധതിക്കു പിന്നിൽ പ്രവർത്തിച്ചവരെയും മന്ത്രി പി. രാജീവ് അഭിനന്ദിച്ചു. സംരംഭകർക്ക് സ്കെയിൽ അപ് ഉൾപ്പെടെയുള്ള സഹായങ്ങൾ ലഭ്യമാക്കുമെന്നും മന്ത്രി പറഞ്ഞു. ടെക്നോളജി ക്ലിനിക്കുകളും ഹെൽപ്പ് ഡെസ്കുകളും ഇൻവെസ്റ്റർ ഹെൽപ്പ് കോൾസെന്ററുകളുമെല്ലാം പ്രതിസന്ധി ഘട്ടങ്ങളിൽ സഹായകമാകുമെന്നും അദ്ദേഹം പറഞ്ഞു.

പൂർണ്ണ ഡിജിറ്റൽ ബാങ്കിംഗ് സംസ്ഥാനമായി കേരളം

കേരള ബാങ്ക് പവലിയൻ – ഡിജിറ്റൽ കേരള

ബാങ്കിംഗ് ഇടപാടുകൾക്ക് പൂർണ്ണ ഡിജിറ്റൽ സംവിധാനമൊരുക്കിയ ആദ്യസംസ്ഥാനമായി കേരളം. ബാങ്കിംഗ് ഇടപാട് പരമാവധി ഡിജിറ്റൽ ആക്കാനും ഓൺലൈൻ ബാങ്കിംഗ് സേവനങ്ങൾ ഉപയോഗിക്കാനും ജനങ്ങളെ പ്രാപ്തരാക്കാൻ ലക്ഷ്യമിട്ട് നടപ്പാക്കിയ ദൗത്യമാണ് പൂർണ്ണവിജയമായത്. 07.01.2023 രാവിലെ ഒമ്പതിന് തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ പൂർണ്ണ ഡിജിറ്റൽ ബാങ്കിംഗ് സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിച്ചു.

സംസ്ഥാനതല ബാങ്കേഴ്സ് സമിതി വഴി 3.6 കോടി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ ഡിജിറ്റൽ സംവിധാനത്തിലേയ്ക്ക് കൊണ്ടു വന്നു. ഇതിൽ 1.75 കോടി അക്കൗണ്ടുകളും വനിതകളുടെതാണ്. 7.18 ലക്ഷം കറണ്ട്/ബിസിനസ്സ് അക്കൗണ്ടുകൾക്കും ഡിജിറ്റൽ പണമിടപാട് സൗകര്യമൊരുക്കി.

പരീക്ഷണാടിസ്ഥാനത്തിൽ പദ്ധതി തുടങ്ങിയ തൃശ്ശൂരിനെ 2021 ആഗസ്തിൽ കേരളത്തിലെ ആദ്യ പൂർണ്ണ ഡിജിറ്റൽ ബാങ്കിംഗ് ജില്ലയായി പ്രഖ്യാപിച്ചു. കഴിഞ്ഞ ഫെബ്രുവരി 24ന് കോട്ടയത്ത് രണ്ടാം ഘട്ടവും പൂർത്തിയായി. ഇതിലൂടെ രണ്ടുഘട്ടവും വിജയകരമാക്കിയ ആദ്യസംസ്ഥാനമായി കേരളം. തുടർന്നാണ് മറ്റു ജില്ലകളിലേക്കും പദ്ധതി വ്യാപിപ്പിച്ചത്.

ജനപ്രതിനിധികൾ, ജില്ലാ ഭരണ സംവിധാനങ്ങൾ, ബാങ്കുകൾ, സർക്കാർ ഏജൻസികൾ, വിവിധ സർക്കാരിതര സന്നദ്ധ സംഘടനകൾ എന്നിവയെ ഏകോപിപ്പിച്ചാണ് പദ്ധതി ലക്ഷ്യത്തിലെത്തിച്ചത്. സുരക്ഷിതമായും വേഗത്തിലും സൗകര്യപ്രദമായി ഡിജിറ്റലായി പണം സ്വീകരിക്കാനും അയക്കാനും വ്യക്തികളെ പ്രാപ്തരാക്കുകയായിരുന്നു ലക്ഷ്യം. സർക്കാർ ഓഫീസുകൾ, കുടുംബശ്രീ, വ്യവസായസംഘടനകൾ, ഓട്ടോ-ടാക്സി തൊഴിലാളികൾ തുടങ്ങിയവരുടെ സഹകരണവും ഉറപ്പാക്കി. മുതിർന്ന പൗരന്മാർ, ആദിവാസി ഗോത്രവിഭാഗങ്ങൾ, ചെറുകിട സംരംഭകർ എന്നിവയിലും അവബോധം എത്തിച്ചു. മലയാളം, ഇരുള, തമിഴ് ഭാഷകളിൽ ഹ്രസ്വ ചിത്രങ്ങൾ, ലഘുരേഖകൾ, തെരുവുനാടകങ്ങൾ തുടങ്ങിയവ പ്രചാരണത്തിന് ഉപയോഗിച്ചു.

കേരള ബാങ്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പി.എസ്.രാജൻ,SBI ചീഫ് ജനറൽ മാനേജർ വെങ്കിട്ട രമണബയിറെഡ്ഡി. ചീഫ് സെക്രട്ടറി ബിശ്വനാഥ് സിൻഹ. RBI റീജിയണൽ ഡയറക്ടർ തോമസ് മാത്യു, കാനറാ ബാങ്ക് സംസ്ഥാന മേധാവി എസ് പ്രേംകുമാർ, നബാർഡ് ചീഫ് ജനറൽ മാനേജർ ജി. ഗോപകുമാരൻ നായർ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു. ഡിജിറ്റൽ സേവനങ്ങൾ പരിചയപ്പെടുത്തുന്നതിനായി കേരള ബാങ്ക് ഉൾപ്പെടെ വിവിധ ബാങ്കുകളുടെ സ്റ്റാളും ക്രമീകരിച്ചിരുന്നു.

സഹകരണ നിക്ഷേപ സമാഹരണ യജ്ഞത്തിന്റെ ഉദ്ഘാടനം മലപ്പുറത്ത് വകുപ്പ് മന്ത്രി ശ്രീ. വി. എൻ. വാസവൻ നിർവഹിച്ചു. ഇതോടനുബന്ധിച്ച് കേരള ബാങ്കിന്റെ വിവിധ പദ്ധതികളായ KB സുവിധ, KBക്ഷീര മിത്ര, KBസുവിധ പ്ലസ്, KB മിത്ര, പ്രാഥമിക സംഘങ്ങൾക്കുള്ള വായ്പകൾ എന്നിവ ബഹുമാനപ്പെട്ട മന്ത്രി സംരംഭകർക്ക് വിതരണം ചെയ്തു. വിതരണം ചെയ്തു. ബഹുമാനപ്പെട്ട കായിക വകുപ്പ് മന്ത്രി ശ്രീ.അബ്ദുൾ റഹ് മാൻ, ശ്രീ.പി.അബ്ദുൾ ഹമീദ് എം.എൽ എ. സഹകരണ വകുപ്പ് സെക്രട്ടറി ശ്രീമതി. മിനി ആന്റണി IAS, സഹകരണ സംഘം രജിസ്ട്രാർ ശ്രീ. ടി.വി.സുഭാഷ് IAS, കോഓപ്പറേറ്റീവ് ഓഡിറ്റ് ഡയറക്ടർ ശ്രീമതി M S ഷെറിൻ, കേരള ബാങ്ക് CEO ശ്രീ. പി. എസ് രാജൻ എന്നിവർ പങ്കെടുത്തു.

പ്രാഥമിക സഹ. സംഘങ്ങളിലും കേരള ബാങ്കിലും നിക്ഷേപ പലിശ വർദ്ധിപ്പിച്ചു

സഹകരണ മേഖലയിലെ നിക്ഷേപ പലിശ നിരക്ക് വർദ്ധിപ്പിച്ചു. മന്ത്രി വി.എൻ. വാസവന്റെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിലാണ് തീരുമാനം.

പ്രാഥമിക സഹകരണ സംഘങ്ങൾ, കേരള ബാങ്ക് എന്നിവയുടെ പലിശ നിരക്കിലാണ് വർദ്ധന. 2 വർഷം വരെയുള്ള നിക്ഷേപങ്ങൾക്ക് 0.5 ശതമാനവും അതിനു മുകളിൽ 0.25 ശതമാനവുമാണ് നിരക്ക് വർദ്ധിപ്പിച്ചത്. കഴിഞ്ഞ ഒക്ടോബറിലാണ് ഇതിനു മുൻപ് പലിശ വർദ്ധിപ്പിച്ചത്.

പ്രാഥമിക സഹകരണ സംഘങ്ങൾ (ബ്രാക്കറ്റിൽ പഴയ നിരക്ക്)	കേരള ബാങ്ക് (ബ്രാക്കറ്റിൽ പഴയ നിരക്ക്)
15 ദിവസം മുതൽ 45 ദിവസം വരെ – 6.00% (5.50)	15 ദിവസം മുതൽ 45 ദിവസം വരെ – 5.50% (5.00)
46 ദിവസം മുതൽ 90 ദിവസം വരെ - 6.50% (6)	46 ദിവസം മുതൽ 90 ദിവസം വരെ - 6.00% (5.50)
91 ദിവസം മുതൽ 179 ദിവസം വരെ - 7.00% (6.50)	91 ദിവസം മുതൽ 179 ദിവസം വരെ - 6.25% (5.75)
180 ദിവസം മുതൽ 364 ദിവസം വരെ - 7.25% (6.75)	180 ദിവസം മുതൽ 364 ദിവസം വരെ - 6.75% (6.25)
ഒരു വർഷം മുതൽ രണ്ടു വർഷത്തിനു താഴെ വരെ - 8.25% (7.75)	ഒരു വർഷം മുതൽ രണ്ടു വർഷത്തിനു താഴെ വരെ -7.25% (6.75)
രണ്ടു വർഷവും അതിനു മുകളിലും - 8.00% (7.75)	രണ്ടു വർഷവും അതിനു മുകളിലും - 7.00% (6.75)

ബജറ്റിൽ
സഹകരണത്തിന് 141 കോടി

- കാർഷികരംഗത്തെ സഹകരണമേഖലയുടെ സമഗ്രഇടപെടീൽ ശക്തമാക്കുന്നതിനുള്ള കോപ്പറേറ്റീവ് ഇൻഷേറ്റീവ് ഫോർ ടെക്നോളജി ഡ്രിവൺ അഗ്രകൾച്ചറൽ എന്ന പദ്ധതിക്ക് 34.5 കോടി രൂപവകയിരുത്തി(23 കോടിയിൽ നിന്നാണ് വർദ്ധന).
- പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി 15.75 കോടി രൂപ വകയിരുത്തി.
- സഹകരണമേഖലയെ ശക്തിപ്പെടുത്തുവാനുള്ള വിദ്യാഭ്യാസ ഗവേഷണ പരിശീലന പരിപാടികൾക്കായി 4 കോടി രൂപയുടെ സഹായം.
- സഹകരണമേഖലയുടെ ആധുനിക വത്ക്കരണത്തിനായി 5.5 കോടിരൂപ വകയിരുത്ത
- സഹകരണ ആശുപത്രികൾക്കുള്ള ധനസഹായം ആശുപത്രിസഹകരണസംഘങ്ങളുടെ അപക്സ് ഫെഡറേഷനുള്ള സഹായം , യുവജനസംഘങ്ങൾക്കുള്ള സഹായം, സാഹിത്യസംഘങ്ങളുടെ പുനരുദ്ധാരണത്തിനുള്ള ധനസഹായം എന്നിവയ്ക്കായി 18.40 കോടിവകയിരുത്തി (8.50 കോടിരൂപയിൽ നിന്നാണ് വർദ്ധന).
- പട്ടികജാതി പട്ടികവർഗ സഹകരണസംഘങ്ങൾക്ക് സർക്കാർ അംഗീകൃത കോഴ്സുകൾ ആരംഭിക്കുന്നതിനും ഉത്പാദന യൂണിറ്റുകൾ ഏറ്റെടുക്കുന്നതിനുമായി 8 കോടിരൂപ വകയിരുത്തി.
- പട്ടികജാതി സഹകരണസംഘങ്ങളുടെ പുനർജനി പദ്ധതിക്കായി 3.6 കോടി രൂപ അനുവദിച്ചു.
- വനിതാസഹകരണ സംഘങ്ങൾക്കും വനിതാഫെഡിനും സഹായം അനുവദിക്കുന്നതിനായി 2.5 കോടി രൂപ നീക്കിവച്ചു.
- സഹകരണ സമാശ്വനിധിയിലേക്ക് സർക്കാർധനസഹായമായി 4.20 കോടി രൂപ നീക്കിവച്ചു.
- പശ്ചാതല വികസനവുമായി ബന്ധപ്പെട്ട വിപണനം, കാർഷിക സംസ്കരണം, ആരോഗ്യമേഖലയിലെ സഹകരണ സംരഭങ്ങൾ എന്നിവയ്ക്കായി നബാർഡ് ആർ. എ.ഡി.എസ് സഹായമായി 15 കോടി.
- സഹകരണഓഡിറ്റ് വിഭാഗത്തിന്റെ നവീകരണത്തിനായി 5 കോടിരൂപ നീക്കി വയ്ക്കുന്നു.
- കേരളത്തിലെ സഹകരണമേഖലയുടെ സമഗ്രവികസനത്തിനായി സഹകരണസംരക്ഷണ നിധി ഈ സാമ്പത്തിക വർഷം നിലവിൽ വരുന്നു. സഹകരണ സംഘങ്ങളുടെ കരുതൽ ശേഖരത്തിൽ നിന്ന് നിശ്ചിതശതമാനവും സംസ്ഥാനസർക്കാർ വിഹിതവും സംയോജിപ്പിച്ചിട്ടാണ് ഫണ്ട് രൂപീകരിക്കുക.
- പ്രാഥമിക സഹകരണ സംഘങ്ങൾ, പ്രാഥമികവായ്പാ സംഘങ്ങൾ, മൊത്തവ്യാപാര സ്റ്റോറുകൾ , ഫെഡറേഷനുകൾ എന്നിവയ്ക്കുള്ള ധനസഹായം നൽകുന്നതുള്ള ഈ പദ്ധതിക്കായി 28.10 കോടിരൂപ സർക്കാർ വിഹിതമായി നീക്കിവച്ചു.

കർഷക ഉല്പാദക സംഘങ്ങളുടെ രൂപീകരണം - കേരള ബാങ്കിന് 10 കോടി അനുവദിച്ചു.

100 പുതിയ കർഷക ഉല്പാദക സംഘങ്ങളുടെ (FPO) രൂപീകരണത്തിന് കേരള ബാങ്കിന് 10 കോടി രൂപ സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ അനുവദിച്ചു. കൃഷി, മൃഗസംരക്ഷണം , മത്സ്യകൃഷി, കോഴി വളർത്തൽ മുതലായ മേഖലകളിൽ കർഷകർ ഒന്നിച്ച് ചേർന്ന് സംഘടിപ്പിക്കുന്ന പുതിയ കർഷക ഉല്പാദക സംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനാണ് ഈ തുക വകയിരുത്തിയിട്ടുള്ളത്.

കൃഷിയിടത്തിന്റെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ ബഹുഭൂരിപക്ഷം കർഷകരും ചെറുകിട നാമമാത്ര കർഷകരാണ്. ഇത്തരം ചെറു കർഷകർ ഒന്നിച്ച് ചേർന്ന് കർഷക ഉല്പാദക സംഘങ്ങൾ രൂപീകരിക്കാനും സംഘ ശക്തിയിലൂടെ പരമാവധി സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുമായി കേരള ബാങ്ക് കർഷക ഉല്പാദക സംഘങ്ങൾക്ക് 60 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നുണ്ട്. ഒരു പഞ്ചായത്തിൽ ഒരു കർഷക ഉല്പാദക സംഘം എന്നതാണ് കേരള ബാങ്ക് ലക്ഷ്യമാക്കുന്നത്. ഒരു കർഷക ഉല്പാദക സംഘത്തിൽ ചുരുങ്ങിയത് 300 അംഗങ്ങളാണ് ഉൾപ്പെടുന്നത്. ഈ രീതിയിൽ ഗ്രാമീണ കാർഷിക സമ്പദ്ഘടനയിൽ സുസ്ഥിരമായ വളർച്ച കൈവരിക്കാൻ FPO കളുടെ രൂപീകരണം വഴി സാധിക്കുന്നു. ഈ ദൗത്യം കേരളത്തിൽ വിജയകരമായി നടപ്പാക്കുന്നതിന് കേരള സർക്കാർ കേരള ബാങ്കിനെ ഏൽപ്പിച്ചത് സംസ്ഥാന വികസനത്തിൽ ബാങ്കിന്റെ വർദ്ധിതമായ പ്രസക്തിയെയാണ് വിളിച്ചോതുന്നത്. സംസ്ഥാനത്തെ തൊഴിൽ വികസനത്തിൽ ഇത് സുപ്രധാന വഴിത്തിരിവാകും. ഒരു FPO മുഖാന്തിരം നേരിട്ടും പരോക്ഷമായും ചുരുങ്ങിയത് 500 ലേറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാവുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. കാർഷികയന്ത്രവൽക്കരണം, നടീൽ വസ്തുക്കളുടെ ശേഖരണം, വിളയുടെ വിറ്റഴിക്കൽ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ തുടങ്ങിയ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ കൂട്ടായ കൃഷിരീതി സഹായിക്കും. കാർഷിക അനുബന്ധ മേഖലകളിലെ കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാനും , നാമമാത്ര ചെറുകിട കർഷകരെയും കാർഷിക സംരംഭകരെയും ഫല പ്രദമായി ശാക്തീകരിക്കുന്നതിനുമായി 10 കോടി രൂപ 2023 - 24 വർഷത്തെ ബഡ്ജറ്റിൽ കേരള ബാങ്കിന് വകയിരുത്തിയ നടപടിയിൽ ബാങ്ക് പ്രസിഡന്റ് ശ്രീ. ഗോപി കോട്ടമുറിക്കൽ സംസ്ഥാന സർക്കാരിന് നന്ദി രേഖപ്പെടുത്തി.

പത്മശ്രീ ചെറുവയൽ രാമന് കേരള ബാങ്കിന്റെ സ്നേഹാദരം

വയനാട്ടിലെ ഗോത്ര സംസ്കാരത്തിന്റെ തിരുശേഷിപ്പുകളുമായി നിലകൊള്ളുന്ന വള്ളിയൂർക്കാവ്. വള്ളിയൂർക്കാവിൽ നിന്ന് മാനന്തവാടി പുഴ കടന്നാൽ നാടൻ നെൽവിത്തുകളുടെ സംരക്ഷകനായ ചെറുവയൽ രാമേട്ടനിലൂടെ ലോക പ്രസിദ്ധമായ കമ്മനം ഗ്രാമം.

പതിറ്റാണ്ടുകളായി സമ്പൂർണ്ണ ജൈവകൃഷി പിൻതുടരുന്ന രാമേട്ടന്റെ കൃഷിയിടത്തിൽ 60ൽ അധികം വയനാടൻ നെല്ലിനങ്ങളാണ് സംരക്ഷിക്കുന്നത്.

ജൈവ വൈവിധ്യ സംരക്ഷണ പുരസ്കാരവും ദേശീയ ജനിതക സംരക്ഷണ പുരസ്കാരവും ഉൾപ്പെടെ ഒട്ടേറെ അവാർഡുകൾ നേടിയ ഈ വയനാടൻ കർഷകൻ കൃഷിയിൽ താത്പര്യമുള്ളവർക്ക് ചെറിയ അളവിൽ നെൽവിത്ത് നൽകാനും തയ്യാറാകുന്നു. നെല്ലിനങ്ങളെ പരമാവധി പ്രചരിപ്പിക്കാനും വളർത്താനും ജീവിതം തന്നെ മാറ്റിവച്ചിരിക്കുകയാണ് അദ്ദേഹം.

കേരള കാർഷിക സർവ്വകലാശാല ജനറൽ കൗൺസിൽ അംഗമായും, വിദേശ രാജ്യങ്ങളിൽ ഇന്ത്യയുടെ പ്രതിനിധിയായും പങ്കെടുക്കുന്ന രാമേട്ടന്റെ കൃഷിയിടം വിദേശ ചാനലുകൾ പോലും ചിത്രീകരിച്ച് സംപ്രേഷണം ചെയ്തിട്ടുണ്ട്. രാജ്യം പദ്മശ്രീ നൽകി ആദരിച്ചതോടെ വയനാടൻ കാർഷിക പെരുമ ലോകമാകെ കൂടുതൽ ശ്രദ്ധ നേടിയിരിക്കുകയാണ്. കൃഷിയോടൊപ്പം നാടിനെയും സ്നേഹിച്ച മുതിർന്ന

സഹകാരി ആയ ചെറുവയൽ രാമനെ കേരള സംസ്ഥാന സഹ കരണ ബാങ്ക് ഒരു ലക്ഷം രൂപ ക്യാഷ് അവാർഡ് നൽകി ആദരിച്ചു. ചെറുവയൽ രാമന്റെ കമ്മനയിലെ വീട്ടിൽ നടന്ന ചടങ്ങിൽ കേരള ബാങ്ക് പ്രസിഡന്റ് ഗോപി കോട്ട മുറിക്കലാണ് ക്യാഷ് അവാർഡ് കൈമാറിയത് വൈസ് പ്രസിഡൻറ് എം. കെ. കണ്ണൻ പ്രശസ്തി പത്രവും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പി. എസ്. രാജൻ മെമന്റോയും നൽകി. ഭരണസമിതി അംഗം പി ഗഗാറിൻ അധ്യക്ഷത വഹിച്ചു. ചീഫ് ജനറൽ മാനേജർ കെ. സി. സഹദേവൻ, മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ജസ്റ്റിൻ ബേബി, എടവക ഗ്രാമപഞ്ചായത്ത് പ്രസി ഡന്റ് എച്ച്.ബി. പ്രദീപ് മാസ്റ്റർ, ഭരണസമിതി അംഗങ്ങളായ ഇ. രമേശ് ബാബു, അഡ്വ. ജി.ലാലു, എസ്. ഹരിശങ്കർ, കാർഷിക വികസന ബാങ്ക് പ്രസിഡന്റ് പി വി. സഹദേവൻ, നെല്ലൂർനാട് സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ് മന ജി കുഴിവേലി, മാനന്തവാടി ബ്ലോക് പഞ്ചായത്ത് മെമ്പർ ഇന്ദിര പ്രേമ ചന്ദ്രൻ, എടവക ഗ്രാമപഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ ജെൻസി ബിനോയ്, മാനന്തവാടി സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻ എ ജോണി എന്നിവർ പ്രസംഗിച്ചു. പത്മശ്രീ ചെറുവയൽ രാമൻ മറുപടി പ്രസംഗം നടത്തി. സംഘാടക സമിതി കൺവീനർ സി. എം. സന്തോഷ് കുമാർ സ്വാ ഗതവും കേരള ബാങ്ക് റീജിയണൽ ജനറൽ മാനേജർ സി. അബ്ദുൽ മുജീബ് നന്ദിയും പറഞ്ഞു.

ലയനം പൂർണ്ണം. മലപ്പുറം ജില്ലാ സഹകരണ ബാങ്ക് കേരള ബാങ്കിലേക്ക്

സംസ്ഥാനത്തെ സഹകരണ മേഖലയിൽ ത്രിതല സംവിധാനത്തിനു പകരം ദ്വിതല സംവിധാനം നടപ്പാക്കുന്നതിനായി കേരള സഹകരണ നിയമത്തിലെ വ്യവസ്ഥകൾ പാലിച്ച് 14 ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുന്നതിന് റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്ന് പ്രാഥമിക അനുമതി ലഭിച്ചിരുന്നു.

റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെയും നബാർഡിന്റെയും നിബന്ധനകൾക്കു വിധേയമായി 14 ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുന്നതിനുള്ള നടപടികളുമായി സർക്കാർ മുന്നോട്ട് പോയെങ്കിലും മലപ്പുറം ജില്ലാ സഹകരണ ബാങ്ക് സഹകരിക്കാതെ വിട്ടു നിൽക്കുകയാണുണ്ടായത്. ലയനത്തെ അനുകൂലിച്ച 13 ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിക്കുക എന്ന നിയമനടപടി 2019 നവംബർ 29-ന് സർക്കാർ പൂർത്തീകരിച്ച് കേരള ബാങ്ക് എന്ന ബ്രാന്റോടെ ദ്വിതല സംവിധാനത്തിൽ പ്രവർത്തനം ആരംഭിച്ചു.

മലപ്പുറം ജില്ലാ ബാങ്കിനെ കേരള ബാങ്കിൽ ലയിപ്പിക്കുന്നതിന് റിസർവ്വ് ബാങ്കിന്റെയും നബാർഡിന്റെയും മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സർക്കാർ നടത്തി വന്ന പരിശ്രമങ്ങൾക്കെതിരെ നിലനിന്ന വിവിധ കേസുകൾ ഹൈക്കോടതിയുടെ സിംഗിൾ ബഞ്ചും, ഡിവിഷൻ ബഞ്ചും തള്ളുകയും ലയന നടപടികളുമായി മുന്നോട്ടു പോകാൻ അനുമതി നൽകുകയും ചെയ്തു.

ഇതിനെതിരെ മലപ്പുറം ജില്ലാ ബാങ്ക് പ്രസിഡന്റും ഒരു കൂട്ടം പ്രാഥമിക സഹകരണ സംഘം പ്രസിഡന്റുമാരും ഒടുവിൽ നൽകിയ ഹർജി WP(C) No. 12 & 173 – 2023 പരിഗണിച്ച ഹൈക്കോടതി, കേരള സഹകരണ സംഘം നിയമം അനുസരിച്ച് സർക്കാർ സ്വീകരിച്ച ലയന നടപടി തടയണമെന്ന ആവശ്യം നിരസിക്കുകയും ലയന നടപടികളുമായി സർക്കാരിന് മുന്നോട്ട് പോകുന്നതിനുള്ള അനുവാദം നൽകിയതിനെയും തുടർന്നാണ് മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ചുകൊണ്ട് സഹകരണ സംഘം രജിസ്ട്രാർ ഉത്തരവിറക്കിയിട്ടുള്ളത്.

ഈ സാഹചര്യത്തിൽ റിസർവ്വ് ബാങ്കിന്റെയും നബാർഡിന്റെയും നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് മലപ്പുറം ജില്ലാ സഹകരണ ബാങ്ക് കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി കേരള ബാങ്ക് പ്രസിഡന്റും ഉന്നത ഉദ്യോഗസ്ഥരും മലപ്പുറം ജില്ലാ സഹകരണ ബാങ്ക് സന്ദർശിച്ചു.

2019 മുതൽ സർക്കാർ നടത്തി വന്ന പരിശ്രമങ്ങളാണ് ഇപ്പോൾ ലക്ഷ്യത്തിലേക്ക് എത്തുന്നത്. മലപ്പുറം ജില്ലാ സഹകരണ ബാങ്ക് കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിക്കുന്നതോടെ മറ്റ് ജില്ലകൾക്ക് ലഭിച്ചിരുന്ന എല്ലാ ആനുകൂല്യങ്ങളും ധനസഹായവും മലപ്പുറത്തിനും നൽകാനാവുന്നതാണ്.

കാർഷിക സംരംഭങ്ങളും വായ്പാ സാധ്യതയും

വൈഗ 2023

കാർഷിക മൂല്യ വർധിത ഉൽപ്പന്നങ്ങളുടെയും സംരംഭങ്ങളുടെയും വർദ്ധിച്ച അവസരങ്ങൾ സാധാരണക്കാരിലേക്ക് എത്തിക്കുന്നതിനായി വൈഗ 2023 കാർഷിക സംരംഭങ്ങളും വായ്പ സാധ്യതയും എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. കാർഷിക കാർഷിക അനുബന്ധ സംരംഭങ്ങളുടെയും ഗ്രാമീണ മേഖലയുടെയും പുരോഗതിക്ക് സഹകരണ മേഖല നൽകുന്ന സാമ്പത്തിക സഹായങ്ങളും സബ്സിഡികളും സംബന്ധിച്ച വിവരങ്ങൾ സെമിനാർ ചർച്ച ചെയ്തു. കേരള ബാങ്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ.പി.എസ് രാജൻ അധ്യക്ഷത വഹിച്ച സെമിനാറിൽ ഏഷ്യാനെറ്റ് ന്യൂസ് എക്സിക്യൂട്ടീവ് എഡിറ്റർ ശ്രീ. എസ്. ബിജു, കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീ. എസ്. സാബിർ ഹുസൈൻ, SLBC കൺവീനർ ശ്രീ. എസ്. പ്രേംകുമാർ എന്നിവർ പങ്കെടുത്തു.

അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് (AIF) പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് വ്യക്തികളുടെയും പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെയും കാർഷിക മൂല്യവർദ്ധിത സംരംഭക വായ്പകൾക്ക് 3% പലിശയിളവ് കേരള ബാങ്ക് വഴി അനുവദിക്കുന്നുണ്ട്.

നബാർഡിന്റെ ധനസഹായം ഉപയോഗപ്പെടുത്തിക്കൊണ്ട് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് 1% പലിശ നിരക്കിൽ കാർഷിക മൂല്യ വർദ്ധിത വായ്പ അനുവദിക്കുന്നതിനുള്ള സർക്കാർ ഏജൻസിയായും കേരള ബാങ്ക് പ്രവർത്തിക്കുന്നു.

മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ വലിയ സാധ്യതകൾ വെളിപ്പെടുത്തുന്ന തീം സ്റ്റാളുകളും ഇന്ത്യയിലെ വൈവിധ്യമാർന്ന കാർഷിക ഉത്പന്നങ്ങളെ പരിചയപ്പെടാനുള്ള അവസരവും വൈഗ 2023-ന്റെ സംഘാടന മികവ് തെളിയിക്കുന്നതാണ്.

റിപ്പബ്ലിക് ദിനത്തിൽ കേരള ബാങ്ക് ഹെഡ് ഓഫീസിൽ ദേശീയ പതാക ഉയർത്തിയതിനു ശേഷം ബാങ്ക് ഭരണസമിതി അംഗം, അഡ്വ. എസ്. ഷാജഹാൻ റിപ്പബ്ലിക് ദിന സന്ദേശം നൽകുന്നു

വെസ്റ്റ് ബംഗാൾ മിഡ്നാപൂർ വിദ്യാസാഗർ സെൻട്രൽ കോ-ഓപ്പറേറ്റീവ് ബാങ്ക് സംഘം കേരള ബാങ്കിന്റെ ഹെഡ് ഓഫീസും, എറണാകുളം ഓഫീസും സന്ദർശിച്ചപ്പോൾ

ഒരു ലക്ഷം സംരംഭ പദ്ധതിയുടെ ഭാഗമായി നടന്ന Investors Meet ൽ വച്ച് MSME വായ്പ വിതരണത്തിൽ ആലപ്പുഴ ജില്ലയിൽമൂന്നാം സ്ഥാനം നേടിയ കേരള ബാങ്കിന് വേണ്ടി ആലപ്പുഴ CPC DGM ടി.പി ജോസഫ് വ്യവസായ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവിൽ നിന്ന് അവാർഡ് ഏറ്റുവാങ്ങുന്നു.

മുതിർന്നവർക്കും കുട്ടികൾക്കും ഒരുപോലെ സാമ്പത്തിക സാക്ഷരത നൽകുക എന്ന ലക്ഷ്യവുമായി റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ആരംഭിച്ച പാമ്പും കോണിയും കളിയിലൂടെ സാമ്പത്തിക സാക്ഷരത എന്ന പരിപാടി നബാർഡിന്റെയും കേരള ബാങ്ക് വയനാട് മുട്ടിൽ ശാഖയുടേയും സംയുക്താഭിമുഖ്യത്തിൽ തൃക്കൈപ്പറ്റ ഗവ. ഹൈസ്കൂളിൽ സംഘടിപ്പിച്ചപ്പോൾ

കടുവയുടെ ആക്രമണത്തിൽ മരണപ്പെട്ട തോമസിന്റെ കുടുംബത്തിന് കേരള ബാങ്കിന്റെ കൈത്താങ്ങ്

കടുവയുടെ ആക്രമണത്തിൽ മരണപ്പെട്ട തോമസിന്റെ കേരള ബാങ്കിലെ കാർഷിക വായ്പ എഴുതിതള്ളാൻ ബാങ്ക് ഭരണസമിതി തീരുമാനിച്ചു. ഇതിന്റെ ഭാഗമായി വായ്പക്കായി തോമസ് പണയംവെച്ച ആധാരം ഉൾപ്പടെയുള്ള പ്രമാണങ്ങൾ കുടുംബത്തിന് കൈമാറി. തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ കേരള ബാങ്ക് പ്രസിഡന്റ് ശ്രീ. ഗോപി കോട്ടമുറിക്കൽ പ്രമാണങ്ങൾ തോമസിന്റെ ഭാര്യ ശ്രീമതി സിനി, മകൻ ശ്രീ. സോജൻ എന്നിവരെ ഏല്പ്പിച്ചു.

തോമസ് മരണപ്പെട്ടതിനെ തുടർന്ന് അദ്ദേഹത്തിന്റെ പുതുശ്ശേരി ആലയ്ക്കലിലെ വീട്ടിലെത്തിയ കേരള ബാങ്ക് പ്രസിഡന്റ് ശ്രീ. ഗോപി കോട്ടമുറിക്കൽ കുടുംബത്തിന്റെ വിഷമതകൾ കണ്ട് വായ്പ എഴുതിതള്ളാൻ നടപടി സ്വീകരിക്കുമെന്ന് കുടുംബാംഗങ്ങളെ അറിയിക്കുയും ജനുവരി 20 ന് ചേർന്ന കേരള ബാങ്ക് ഭരണ സമിതി യോഗം വായ്പ എഴുതിതള്ളാൻ തീരുമാനമെടുക്കുകയുമായിരുന്നു. താമസിക്കുന്ന വീടും സ്ഥലവും പണയപ്പെടുത്തി ബാങ്കിന്റെ കോറോം ശാഖയിൽ നിന്നും തോമസ് എടുത്ത അഞ്ച് ലക്ഷം രൂപ കിസാൻമിത്ര വായ്പയും പലിശയുമാണ് എഴുതിതള്ളിയത്. ചടങ്ങിൽ കേരള ബാങ്ക് ഡയറക്ടർ ശ്രീ.പി ഗഗാറിൻ അധ്യക്ഷത വഹിച്ചു. മാനന്തവാടി ബ്ലോക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ ബേബി, കേരള ബാങ്ക് റീജിയണൽ ജനറൽ മാനേജർ ശ്രീ.സി അബ്ദുൽ മുജീബ്, തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. എ. കെ. ശങ്കരൻ മാസ്റ്റർ , ബ്ലോക് പഞ്ചായത്ത് മെമ്പർ ശ്രീ. പി ചന്ദ്രൻ, ഗ്രാമ പഞ്ചായത്ത് മെമ്പർ ശ്രീമതി സിനി തോമസ്, താലൂക്ക് സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻ ശ്രീ.എ ജോണി, ശ്രീ.മത്തായിക്കുഞ്ഞ് തുടങ്ങിയവർ പങ്കെടുത്തു. ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ.എൻ നവനീത് കുമാർ സ്വാഗതവും ശാഖാ മാനേജർ ശ്രീ.ടി വി പ്രമോദ് നന്ദിയും പറഞ്ഞു.

KERALA BANK
Kerala State Co-operative Bank

മാർച്ച് 8

വനിതാദിനം

വനിതകൾക്കായി പുതിയ വായ്പകൾ

ഷീ ടു വീലർ വായ്പ
വനിത പ്ലസ് ബിസിനസ് വായ്പ

ഉദ്ഘാടനം 2023 മാർച്ച് 9
ടോപ്പ്ഇൻ ടൗൺഹാൾ, പാലക്കാട്

അദ്ധ്യക്ഷ – ശ്രീമതി കെ.ജി വത്സല കുമാരി (ബാങ്ക് ഭരണ സമിതി അംഗം)
വിതരണോദ്ഘാടനം അഡ്വ. പുഷ്പദാസ് (ഭരണ സമിതി അംഗം)
മുഖ്യപ്രഭാഷണം – ശ്രീമതി നിർമ്മലാദേവി (ഭരണ സമിതി അംഗം)

FINANCIAL INCLUSION INITIATIVES OF NABARD

NABARD supports deepening of financial inclusion to provide individuals and households with greater access to formal credit system and avail credit support for consumption and investment and thereby leading to strong and sustainable livelihood.

1. Financial and Digital Literacy Camps by branches of banks

- NABARD sanctions grant assistance to financial institutions for conduct of financial literacy programmes on various topics such as Mobile Banking, Internet Banking, ATM transactions, Debit card, data security and privacy, safety of e-transactions, Social Security schemes – PMJJBY, PMSBY, and APY, Opening of new accounts – SB, RD, FD etc. for Farmers, School Children, Senior Citizens, SHGs, Entrepreneurs etc. in Rural areas.
- NABARD Support to cooperative banks for each programme is Rs 6000/- for Special Focus Districts and Rs 5000/- for other districts.
- NABARD had sanctioned Rs 47.25 lakh to Kerala Bank for conduct of 1000 camps in Kerala in the FY2022-23.

2. Purchase of Mobile Van

- NABARD provided grant support of Rs 15 lakhs/van to Kerala Bank for demonstration of banking technology through mobile van under Financial Inclusion Fund (FIF) in order to promote digital financial literacy and to sensitize and enable merchants and customers to use digital payment systems.

3. Other Financial Inclusion Schemes:

NABARD also supports cooperative banks for deployment of Micro ATM and POS/ mPOS, On boarding to BHIM UPI, PFMS and Bharat Bill Payment System (BBPS), Solar Power/ UPS installation at bank branches.

NABARD
Development Bank of the Nation
www.nabard.org /nabardonline

Printed & Published by Customer Aquisition and Marketing Division, Kerala State Co-operative Bank
Head Office, Cobank towers, Palayam, Vikas Bhavan.P.O, Thiruvananthapuram-695033. For Private Circulation Only. Ref.KB/Mktg/PR/2021.
Layout, Design & Printed at Orange Printers Pvt. Ltd., Thiruvananthapuram-695001. Ph: 0471 4010 905